**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2358** **13-09-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ലാബ് ടെക്നീഷ്യൻമാരുടെ തൊഴിൽ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ലാബുകൾ, ക്ലിനിക്കുകൾ എന്നിവയിൽ ജോലി ചെയ്തുവരുന്ന ലാബ് ടെക്നീഷ്യൻമാരുടെ നിശ്ചിത യോഗ്യത സംബന്ധിച്ച് മിനിമം സ്റ്റാൻഡേർഡ് ചട്ടം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 20.04.2023 തീയതിയിലെ SRO നമ്പർ 503/2023 പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ലബോറട്ടറികളെ ലെവൽ 1, ലെവൽ 2, ലെവൽ 3 എന്ന് തരം തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും വേണ്ട മിനിമം സ്ഥല സൗകര്യം, മാനവവിഭവശേഷി, ജൈവസുരക്ഷ, ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം, ഓരോ വിഭാഗത്തിലും ചെയ്യാവുന്ന ടെസ്റ്റുകൾ എന്നിവ നിശ്ചയിച്ച് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജോലിയ്ക്കുള്ള നിശ്ചിത യോഗ്യതയായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത് ഏതൊക്കെ കോഴ്സുകൾ ആണെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കോഴ്സുകൾ നിശ്ചിത യോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ബന്ധപ്പെട്ട ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപുള്ള കാലയളവിൽ സ്വകാര്യമേഖലയിൽ പഠനവും പരിശീലനവും പൂർത്തിയാക്കിയിട്ടുള്ളവരും നിലവിൽ ജോലി ചെയ്തുവരുന്നവരുമായ ലാബ് ടെക്നീഷ്യൻമാരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 31.05.2023 ൽ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർ എന്നിവരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ